3. അടിസ്ഥാന സൗകര്യവികസനം :

റോഡ്, സംരക്ഷണഭിത്തി നിർമ്മാണം, കുളം പുനരുദ്ധരിക്കൽ, കുടിവെള്ളം ലഭ്യമാക്കൽ, മഴവെള്ള സംഭരണി, മലിനജലനിർഗ്ഗമന സംവിധാനം, വൈദ്യുതി വിതരണം, ബയോഗ്യാസ് പ്ലാന്റ്, പുകയില്ലാത്ത അടുപ്പുകൾ, കളിസ്ഥലം മുതലായവ.

(ഡി) 80 വീടുകളും അതിനോടനുബന്ധിച്ച് റോഡ്, വാട്ടർ സപ്ലൈ, ഡ്രെയിനേജ് എന്നിവയും, ഒരു അംഗൻവാടി, ഒരു റൂറൽ മാർക്കറ്റ് മുതലായവയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ഇ) ഇതുവരെ 4.1382 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

(എഫ്) ജൂൺ മാസം 2009-ലാണ് പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്നത്. 2012 ജൂൺ മാസത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ തനത് പദ്ധതികൾ

174(466) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രാവിഷ്കൃത പദ്ധതികളെ കൂടാതെ സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ തനത് പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾ നാളിതുവരെ പൂർത്തീകരിക്കുവാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ;

(സി) ബാക്കിയുള്ളവ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതികളനുസരിച്ച് എന്ത് തുക നാളിതുവരെ ചെലവ് ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തു തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സുസ്ഥിര നഗരവികസന പദ്ധതി, ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതി, മാലിന്യമുക്ത കേരളം പദ്ധതി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. മറ്റ് വിശദവിവരങ്ങൾ രേഖപ്പെടുത്തിയ പട്ടിക ശേഖരിച്ച് നൽകുന്നതാണ്.

(ബി-ഇ) കേരള സുസ്ഥിര നഗരവികസന പദ്ധതി, ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി, മാലിന്യമുക്ത കേരളം പദ്ധതി എന്നിവ തുടർപരിപാടികളായി നടപ്പിലാക്കി വരികയാണ്. മറ്റ് പദ്ധതികൾ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly